പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6897 — 10.07.2014 ൽ മറുപടിക്ക്.

## തുണിക്കടകളിലെ വനിതാ ജീവനക്കാരുടെ പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.എൻ.പ്രതാപൻ:<br>ശ്രീ. വർക്കല കഹാർ :<br>ശ്രീ. പി.സി. വിഷ്ണുനാഥ് :<br>ശ്രീ. ലൂഡി ലൂയിസ് : | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി |
| (എ) തുണിക്കടകളിലെ വനിതാ ജീവനക്കാർ നേരിടുന്ന തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം സംസ്ഥാന വ്യാപകമായി 2013–14 കാലയളവിൽ 1906 തുണിക്കടകളിൽ സ്ക്വാഡ് ഇൻസ്പെക്ഷനുകൾ നടത്തി തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളും സൗകര്യങ്ങളും ലഭിക്കുന്നുണ്ടോ എന്നു പരിശോധിക്കുകയും, പരിശോധനാ വേളയിൽ കാണപ്പെട്ട നിയമലംഘനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുകയുണ്ടായി. |
| (ബി) ഇതിനായി നിയമനിർമ്മാണം കൊണ്ടുവരുന്നകാര്യം പരിഗണനയിലുണ്ടോ: വിശദാംശങ്ങൾ എന്തെല്ലാം; | (ബി) തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ –2014 സർക്കാരിന്റെ പരിഗണനയിലാണ്. |

| | |
|---|---|
| (സി) ഇവർ നേരിടുന്ന ചൂഷണം തടയാൻ എന്തെല്ലാം വ്യവസ്ഥകളാണ് നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | (സി) 1961–ലെ കേരളാ ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ഭേദഗതി ചട്ടങ്ങളിൽ തൊഴിലാളികൾക്ക് അവരുടെ എണ്ണത്തിനാനുപാതികമായി ടോയ്‌ലറ്റുകൾ ഏർപ്പെടുത്തുന്നതിനും, തലച്ചുമടായി എടുക്കാവുന്ന പരമാവധി ഭാരം 75 കി.ഗ്രാമിൽ നിന്നും 55 കി.ഗ്രാം ആയി കുറച്ചുകൊണ്ടും ഭേദഗതി വരുത്താനായിട്ടുള്ള ശുപാർശകൾ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) നിയമനിർമ്മാണ പ്രക്രിയയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) കരട് ഭേദഗതി ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ആഫീസർ.